**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4481** **01-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ മങ്കൊമ്പിൽ സ്ഥിതി ചെയ്യുന്ന നിലവിലുള്ള കുട്ടനാട്, 66 കെ വി സബ്സ്റ്റേഷൻ പ്രളയ പ്രതിരോധ ശേഷിയുള്ള 110 കെ വി സബ്സ്റ്റേഷൻ ആയി ഉയർത്തുന്ന പദ്ധതി, കിടങ്ങറയിൽ പുതിയ 33 കെവി സബ്സ്റ്റേഷന്റെ നിർമ്മാണം, കാവാലത്തു പുതിയ 110 കെവി സബ്സ്റ്റേഷന്റെ നിർമ്മാണം എന്നീ മൂന്ന് പദ്ധതികളെ കേരള സർക്കാരിന്റെ റീ ബിൽഡ് കേരളം ഇനിഷിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിർദ്ദിഷ്ട പദ്ധതികൾ മേഖലയിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും, പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും, കുട്ടനാട്ടിലെ കാർഷിക വികസനം സുഗമമാക്കുന്നതിനും, വെള്ളപ്പൊക്കത്തെ അതിജീവിക്കുന്നതിനും, പ്രസരണ നഷ്ടം ഗണ്യമായി കുറച്ച് ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനും സഹായകമാണ്.<br><br>കിടങ്ങറ 33 kV സബ്സ്റ്റേഷൻ (പുരോഗതി : 52%) 31.12.2024 ലും, കുട്ടനാട് 110kV സബ്സ്റ്റേഷൻ (പുരോഗതി : 50%) 31.10.2026 ലും, കാവാലം 110kV സബ്സ്റ്റേഷൻ (പുരോഗതി : 37%) 31.08.2026 ലും കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് വിതരണ വിഭാഗത്തിനു കീഴിൽ കൈനകരി സെക്ഷനു കീഴിലെ വലിയകരി മോട്ടോർ തറയ്ക്ക് ഭാഗത്തെ വോൾട്ടേജ് ലഭ്യത കുറവ് പരിഹരിക്കുന്നതിനായി നിലവിലെ 100kVA ട്രാൻസ്ഫോർമർ 160 kVA ആയി ശേഷി വർദ്ധിപ്പിക്കുന്ന 3.53 ലക്ഷം രൂപയുടെ പ്രവൃത്തി കെ. എസ്. ഇ. ബി. യുടെ തനതു പദ്ധതിയായ ദ്യുതി-2 -ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. മങ്കൊമ്പ് സെക്ഷനു കീഴിലെ |

| | | | |
|---|---|---|---|
| | | | കാവുംപടി തറയ്ക്ക് ഭാഗത്തെ വോൾട്ടേജ് ലഭ്യത കുറവ് പരിഹരിക്കുന്നതിനായി ദ്യുതി-2ൽ ഉൾപ്പെടുത്തി ഒരു പുതിയ 100kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന 4.91 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പുഞ്ച, കുമരകം, എന്നീ സെക്ഷനുകളുടെ കീഴിൽ വരുന്ന കുട്ടനാട് കാർഷിക മേഖലയിൽ വിവിധ സബ് സ്റ്റേഷനുകളിൽ നിന്നും 11 kV ഫീഡറുകൾ വലിച്ച് ബാക്ക് ഫീഡിങ് സൗകര്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ ചങ്ങനാശ്ശേരി സെക്ഷനു കീഴിൽ കുമരങ്കരി ഭാഗത്തു 6കി. മീ. ഓവർഹെഡ് ലൈൻ 23.92 ലക്ഷം രൂപ ചിലവിൽ കവചിത കമ്പി ഉപയോഗിച്ചു മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വെള്ളപ്പൊക്ക ഭീഷണി ഉണ്ടായിരുന്ന അഞ്ചാടി, ഓണാപുരം, പൊരിയനാടി എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമറുകൾ 40.79 ലക്ഷം രൂപ ചിലവിൽ പാടത്തു നിന്ന് സുരക്ഷിതമായി കരയിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയിൽ സൗജന്യ വൈദ്യുതി ലഭ്യമാക്കാനും നെൽകൃഷി ചെയ്യുന്നതിന് വേഗത്തിൽ കണക്ഷൻ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം, കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് സൗജന്യം നൽകുന്നതിനുള്ള അധികാരം കൃഷിവകുപ്പിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ഉത്തരവുകൾ പ്രകാരം, നെൽകൃഷിക്ക് ഭൂപരിധിയില്ലാത്തതും മറ്റു വിളകൾക്ക് പരമാവധി 2 ഹെക്ടറും ഏറ്റവും ചുരുങ്ങിയത് 30 സെന്റും (അതിൽ 75% കൃഷിക്ക് ഉപയുക്തമായിരിക്കണം) പച്ചക്കറി കൃഷിക്ക് കുറഞ്ഞത് 10സെന്റും വെറ്റില കൃഷിക്ക് കുറഞ്ഞത് 5 സെന്റുമാണ് സൗജന്യ വൈദ്യുതിക്കുള്ള ഭൂപരിധിയായി കൃഷി വകുപ്പ് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന പണം ലഭ്യമാക്കി മേൽ സൂചിപ്പിച്ച ഭൂവിസ്തൃതിയുള്ള കർഷകർക്ക് വൈദ്യുതി സൗജന്യ മായാണ് നൽകി വരുന്നത്. ലോ ടെൻഷൻ വിഭാഗത്തിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റ് ഒന്നിന് 85 പൈസ, എനർജി ചാർജിന്മേൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നു.<br><br>സാധാരണ ഗതിയിൽ കാർഷിക കണക്ഷനുകൾപ്പെടെ ഏതു വിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും അപേക്ഷകൻ ഒരു തിരിച്ചറിയൽ രേഖയും, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ മതിയാകും. കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും എന്തെങ്കിലും ആനുകൂല്യം ലഭിക്കണമെങ്കിൽ മാത്രമാണ് കൃഷി വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പിന്റെയോ അനുമതി ആവശ്യമായി വരുന്നത്. നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കും എന്ന പോലെ, കാർഷിക കണക്ഷനുകൾ നൽകുന്നതിനും ആവശ്യമായ തുക (ECSC) അടച്ചതിന് ശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവൃത്തികളും മറ്റും |

പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്. ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കൃഷിവകുപ്പ് ആയതിനാൽ, കൃഷിവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി ലിമിറ്റഡ് നല്കി വന്നിരുന്നത്.

കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിക്ക്, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് വൈദ്യുതി ബിൽ നൽകി വരുന്നത്. വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാർഷിക കണക്ഷനുകൾ LT- VA താരിഫ് വിഭാഗത്തിലും, കന്നുകാലി ഫാമുകൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായുമുള്ള കാർഷിക കണക്ഷനുകൾ LT-VB താരിഫ് വിഭാഗത്തിലുമാണ് നിലവിലെ താരിഫ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.

കാർഷിക കണക്ഷനുകൾക്ക് ഈടാക്കുന്ന വൈദ്യുതി നിരക്ക് ചുവടെ ചേർക്കുന്നു.

| **താരിഫ്** | **LT- VA** | **LT-VB** |
|---|---|---|
| ഫിക്സഡ് ചാർജ് (രൂപ)/kW/ പ്രതിമാസം) | 20 | 20 |
| എനർജി ചാർജ് (രൂപ/kW) | 2.30 | 3.40 |

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 ചട്ടം(32) പ്രകാരം, ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് സംസ്ഥാന സർക്കാർ നിർദ്ദേശിക്കുകയും, അതിനു വേണ്ടി ചിലവാകുന്ന തുക കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റയ്ക്ക് അനുസൃതമായി സംസ്ഥാന സർക്കാർ കെ..എസ്.ഇ.ബി.എൽ-ന് മുൻകൂറായി നൽകുകയാണെങ്കിലേ അത്തരം ഉപഭോക്താക്കളെ വൈദ്യുത കണക്ഷന്റെ ചെലവ് ഒടുക്കുന്നതിൽ നിന്നു ഒഴിവാക്കാൻ സാധിക്കുകയുള്ളൂ.

| | | | |
|---|---|---|---|
| | | | കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകി വരുന്നത്. ഇതിൽ നിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ)കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ